# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

തീയതി: 17.11.2021

നമ്പർ. C4/4898/21/GECSKP

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എൻജിനിയറിങ് കോളേജ്, ശ്രീകൃഷ്ണപുരം- സ്നേഹപൂർവം സ്കോളർഷിപ്പ് (ഫ്രഷ് & റിന്യൂവൽ)- 2021-22 സംബന്ധിച്ച്.

സൂചന :- കേരള സാമൂഹ്യ സുരക്ഷാ മിഷൻ സൈറ്റിൽ നിന്നുള്ള അറിയിപ്പ്.

കേരള സാമൂഹ്യസുരക്ഷാമിഷന്റെ "സ്നേഹപൂർവം" പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായത്തിന് അർഹരായ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

- അച്ഛൻ/അമ്മ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞ കുട്ടികൾക്ക് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാം.

- അനാഥാലയങ്ങളിലോ അത്തരത്തിലുള്ള ഇതര സ്ഥാപനങ്ങളിലോ താമസിച്ച് പഠിക്കുന്നവർക്ക് ഈ ധനസഹായത്തിന് അർഹതയില്ല

- അപേക്ഷകന്റെ അല്ലെങ്കിൽ അപേക്ഷകൻ താമസിക്കുന്ന ബന്ധുവിന്റെ കുടുംബം ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്നവരായിരിക്കണം.എ.പി.എൽ.ആണെങ്കിൽ വാ ർഷിക കുടുംബ വരുമാനം ഗ്രാമപ്രദേശങ്ങളിലെങ്കിൽ 20,000,/- രൂപയിലും നഗരപ്രദേശങ്ങളെങ്കിൽ 22,375/-രൂപയിലും കൂടുവാൻ പാടുള്ളതല്ല.

അർഹരായ വിദ്യാർഥികൾ, 30/11/2021 ന മുമ്പായി വെള്ളക്കടലാസിലുള്ള അപേക്ഷ താഴെ പറയുന്ന രേഖകൾ സഹിതം ഈ-മെയിൽ മുഖേന (ബന്ധപ്പെട്ട അദ്ധ്യാപകർ മുഖാന്തിരം ) സമർപ്പിക്കേണ്ടതാണ്.

1. മാതാവിന്റെ/പിതാവിന്റെ മരണസർട്ടിഫിക്കറ്റിന്റെ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4. വരുമാന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ/ഷെഡ്യൂൾഡ് ബാങ്കിൽ (കോർ ബാങ്കിങ് സംവിധാനമുള്ളത്) കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ ജോയന്റ് അക്കൌണ്ട് തുടങ്ങിയ പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ (രണ്ടു പേരുകളും അക്കൌണ്ട് നമ്പരും IFSC കോഡും വ്യക്തമാകണം) സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. ആധാർ കാർഡിന്റെ / ആധാർ രജിസ്ട്രേഷൻ നടത്തിയ തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ആധാർ നമ്പർ ബാങ്ക് അക്കൌണ്ടുമായി ലിങ്ക് ചെയ്തിരിക്കണം.

മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾ ആയത് പുതുക്കുവാനായി, വെള്ള പേപ്പറിലുള്ള അപേക്ഷ 25/11/2021ന മുമ്പ് ഓൺലൈൻ മുഖേന(ബന്ധപ്പെട്ട അദ്ധ്യാപകർ മുഖാന്തിരം) സമർപ്പിക്കേണ്ടതാണ്. അക്കൌണ്ട് നമ്പറിലോ മേൽവിലാസത്തിലോ മാറ്റമുണ്ടെങ്കിൽ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

**ഷൈൻ വി എം**
Administrative Assistant

സ്വീകർത്താവ്

1. എല്ലാ വിദ്യാർത്ഥികളെയും അറിയിക്കുന്നതിന്
2. വെബ് അഡ്മിൻ (കോളേജ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ
3.എല്ലാ വകുപ്പ് മേധാവികൾക്കും ( ഇ മെയിൽ മുഖേന)
4. നോട്ടീസ് ബോർഡ് (2 എണ്ണം)

Draft #1 of File C4/4898/21/GECSKP Approved by Administrative Assistant on 17-Nov-2021 01:41 PM - Page 1

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/4898/21/GECSKP Approved by Administrative Assistant on 17-Nov-2021 01:41 PM - Page 2